**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2757 — 21 /06/2012 - ൽ മറുപടിക്ക്

## നെയ്യാറ്റിൻകര താലൂക്കിലെ മണ്ണെണ്ണ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) നെയ്യാറ്റിൻകര താലൂക്കിലെ ഉപഭോക്താക്കൾക്കു വേണ്ടി എത്ര കിലോലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ പ്രതിമാസം അലോട്ട് ചെയ്യുന്നത്; | എ) നെയ്യാറ്റിൻകര താലൂക്കിലെ ഉപഭോക്താക്കൾക്ക് വേണ്ടി പ്രതിമാസം ശരാശരി 704 കി.ലിറ്റർ മണ്ണെണ്ണയാണ് അലോട്ട് ചെയ്യുന്നത്. |
| ബി) കാർഡുടമകൾക്ക് പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ വീതം നല്കാൻ കഴിയും; | ബി) സംസ്ഥാനത്ത് നിലവിൽ വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് ഒരു ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. |
| സി) മണ്ണെണ്ണയുടെ വിതരണം ഇപ്പോൾ ഇത്രയും കുറയാൻ കാരണമെന്ത്; | സി) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനനുവദിക്കുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുവരുത്തിയതുകൊണ്ടാണ് വിതരണതോത് ഇപ്പോൾ കുറഞ്ഞത്. 2012 മാർച്ച് മാസം വരെ പ്രതിമാസം 15960 കി.ലിറ്റർ ലഭിച്ചുകൊണ്ടിരുന്നത്. 2012 ഏപ്രിൽ മാസം മുതൽ പ്രതിമാസം 10016 കി.ലിറ്റർ ആയി കുറക്കുകയുണ്ടായി. അതിനാലാണ് കാർഡുകളുടെ മണ്ണെണ്ണ വിഹിതത്തിൽ കുറവു വരുത്തേണ്ടി വന്നത്. |
| ഡി) പൊതു വിതരണ സമ്പ്രദായത്തിലൂടെ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വളരെ കുറയുമ്പോഴും കരിഞ്ചന്തയിൽ വളരെ ഉയർന്ന വിലയ്ക്ക് മണ്ണെണ്ണ ലഭിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

ഇ) ഈ സ്ഥിതി വിശേഷം നേരിടാൻ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഇ) മണ്ണെണ്ണ കരിഞ്ചന്ത തടയുന്നതിനായി മണ്ണെണ്ണ വഹിച്ചു കൊണ്ടു പോകുന്ന ടാങ്കർ ലോറികളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ആലോചനയുണ്ട്. കൂടാതെ മണ്ണെണ്ണ അർഹതപ്പെട്ടവർക്കാണ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി മണ്ണെണ്ണയുടെ സബ്സിഡി പണമായി ബാങ്ക് അക്കൗണ്ട് വഴി ഉപഭോക്താവിന് നേരിട്ട് നൽകുന്ന ഒരു പദ്ധതിയും ഏർപ്പെടുത്തുവാൻ ആലോചനയുണ്ട്. കൂടാതെ മണ്ണെണ്ണ കരിഞ്ചന്ത നടക്കുവാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തി, കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ